(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്തു തുക കടം തീർക്കുന്നതിന് നൽകിയിട്ടുണ്ട്;

(സി) ഇനിയുള്ള കടം എത്രയെന്ന് വ്യക്തമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) 31-3-2001-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ കണക്കുകൾ പ്രകാരം കെ.എസ്.ആർ.ടി.സി.-യുടെ കടം 201.66 കോടി രൂപയാണ്.

(ബി) കടം തീർക്കുന്നതിന് തുക ഒന്നും തന്നെ നൽകിയിട്ടില്ല.

(സി) 2003-2004-ലെ താൽക്കാലിക കണക്കനുസരിച്ച് ഇനി 317.29 കോടി രൂപയുടെ കടം ഉണ്ട്.

സ്വകാര്യമേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

*10 [240] ശ്രീ. എ. പി. അനിൽ കുമാർ:
,, കെ. സി. ജോസഫ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി മാലേത്ത് സരളാദേവി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം സ്വകാര്യമേഖലയിൽ കൊണ്ടുവരാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ അടച്ചുപൂട്ടുവാൻ ഉദ്ദേശമുണ്ടോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ ആന്റ് ബി) ലാഭത്തിൽ നടത്താൻ കഴിയാത്തതും മുന്നോട്ടുകൊണ്ടു പോകുന്നതിനായി ഗണ്യമായ തുക വേണ്ടിവരുന്നതുമായ ആസ്ട്രാൾ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ്, കേരളാ സ്റ്റേറ്റ് ഡിറ്റർജന്റ് ആന്റ് കെമിക്കൽസ്, കേരളാ സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ഓട്ടോകാസ്റ്റ്, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്, സ്റ്റീൽ കോംപ്ലക്സ്, കേരളാ ഗാർമെന്റ്സ്, ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്നിവയിൽ സ്വകാര്യ നിക്ഷേപം ആശ്രയിക്കാനായി തീരുമാനിച്ചിട്ടുണ്ട്. ഇതിനു പുറമേ ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡിലെ (ടെൽക്ക്) 46% ഓഹരികൾ റീസ്ട്രക്ചറിംഗിന്റെ ഭാഗമായി Strategic partner-ന് കൈമാറാനും തീരുമാനിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റേയും പുനരുദ്ധാരണം സംബന്ധിച്ച് ഇ.ആർ.സി. നൽകുന്ന നിർദ്ദേശങ്ങളിന്മേൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ അഭിപ്രായംകൂടി പരിഗണിച്ചശേഷം ഓരോ കേസിലും പ്രത്യേകമായാണ് തീരുമാനമെടുക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങൾ സഹകാര്യമേഖലയ്ക്ക് കൈമാറാൻ നടപടി

*11 [241] ശ്രീ. പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, കള്ളത്തിൽ അബ്ദുള്ള:
,, സി. മോയിൻകുട്ടി:
,, ടി. പി. എം. സാഹിർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സഹകാര്യമേഖലയ്ക്ക് കൈമാറാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവയുടെ ഓഹരികൾ സഹകാര്യമേഖലയ്ക്ക് കൈമാറുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

വായ്പാകുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പ് വ്യവസ്ഥ

*12 [242] ശ്രീ. ടി. കെ. ബാലൻ:
,, എ. സി. മൊയ്തീൻ:
,, പി. സി. ജോർജ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക വായ്പാ സഹകരണസംഘങ്ങളിലും ജില്ലാ സഹകരണ സംഘങ്ങളിലും ഉള്ള വായ്പാ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപ്പിലാക്കിയ ഒറ്റത്തവണ തീർപ്പ് വ്യവസ്ഥ ഉദാരമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ക്രഡിറ്റ് മേഖലയിലെ എല്ലാ സ്ഥാപനങ്ങളിലുമായി നോൺ പെർഫോമൻസ് അസറ്റായി മാറിയ മൊത്തം കുടിശ്ശിക, പലിശയും പിഴപ്പലിശയും പൂർണ്ണമായി ഒഴിവാക്കിക്കൊണ്ട് പിരിച്ചെടുക്കാൻ സർക്കാർ, സംഘങ്ങൾക്ക് സഹായം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly